**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

0471 2561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം - ടൈപ്പിസ്റ്റ് തസ്തികയിലെ പൊതു സ്ഥലംമാറ്റം 2026 - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം ( ഡി ) വിഭാഗം**

**നം. DTETVM/698/2026-ED2 (ED)** **തിരുവനന്തപുരം,**

**തീയതി:** 09-09-2026

---

വായന:- 1) 07/09/2026 ലെ ഇതേ നമ്പർ അന്തിമ സ്ഥലംമാറ്റ ഉത്തരവ്

2) 07/09/2026 ലെ പാലാ സർക്കാർ പോളിടെക്ക്നിക് കോളേജിൽ നിന്നുള്ള GPCPLA/2026-E1 നമ്പർ കത്ത്

**ഉത്തരവ്**

വായന (1) ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനായുള്ള SPARK നിർമ്മിത അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. ടി ഉത്തരവിൽ പാലാ സർക്കാർ പോളിടെക്നിക് കോളേജിൽ ജോലി ചെയ്തു വന്നിരുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.രശ്മി കെ ആർ-ന് (PEN-239869) അയവന സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. എന്നാൽ, ശ്രീമതി.രശ്മി കെ ആർ 31/05/2027 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ വിരമിക്കാൻ ഒരു വർഷത്തിന് താഴെ മാത്രമേ സർവീസ് ഉള്ളൂ എന്നതിനാലും പൊതുസ്ഥലം മാറ്റത്തിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് വായന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വായന ഉത്തരവിലെ സ്ഥലമാറ്റ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വയനാട് ജില്ലയിലെ നിലവിലെ ഒരു ടൈപ്പിസ്റ്റ് ഒഴിവ് പിഎസ്‌സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും കാണുന്നു.

മേൽ സാഹചര്യത്തിൽ, വായന (1) ലെ ഉത്തരവിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

- ശ്രീമതി.രശ്മി കെ ആർ (PEN-239869), സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന് വായന (1) ഉത്തരവിലെ ക്രമ നം.8 പ്രകാരം നൽകിയ സ്ഥലംമാറ്റം റദ്ദ് ചെയ്യുകയും, ടിയാളെ നിലവിൽ ജോലി ചെയ്യുന്ന പാലാ സർക്കാർ പോളിടെക്നിക് കോളേജിൽ തന്നെ നിലനിർത്തുകയും ചെയ്യുന്നു.
- കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ജോലി ചെയ്യുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.സാജൻ കെ എൻ-ന്(പെൻ-393563) ശ്രീമതി.രശ്മി കെ ആർ-ന് സ്ഥലം മാറ്റം അനുവദിച്ചിരുന്ന അയവന സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലേക്ക് സ്ഥലമാറ്റം നൽകുന്നു.
- ശ്രീ.സാജൻ കെ എൻ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് സ്ഥലം മാറുന്നത് മുഖേനയുണ്ടാകുന്ന കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഒഴിവിലേക്ക് വായന (1)

പ്രകാരമുള്ള ഉത്തരവിലെ ക്രമ നമ്പർ (10) ലെ യു.ഡി ടൈപ്പിസ്റ്റ് ശ്രീമതി. അനിറ്റ കെ പോൾ (PEN: 923548)-ന് സ്ഥലം മാറ്റം നൽകുന്നു.

- ശ്രീ.രാംജിത് കുമാർ ഡി (PEN-6320589), സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന് വായന (1) ഉത്തരവിലെ ക്രമ നം.22 പ്രകാരം നൽകിയ സ്ഥലംമാറ്റം റദ്ദ് ചെയ്ത് ടിയാന് വായന (1) ഉത്തരവിലെ ക്രമ നം.21 പ്രകാരമുള്ള സ്ഥലം മാറ്റം മുഖേന ഉണ്ടാകുന്ന കോട്ടയ്ക്കൽ സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജിലെ ടൈപ്പിസ്റ്റ് ഒഴിവിലേക്ക് സ്ഥലമാറ്റം നൽകുന്നു.

സ്ഥാപന മേധാവികൾ സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരെ ഈ ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം വിടുതൽ ചെയ്യേണ്ടതും വിടുതൽ/ചേരും കാലം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Digitally signed by
Subhalekshmy R
Date: 09-09-2026
16:04:00

SUBHALEKSHMY R

SENIOR FINANCE OFFICER

സ്വീകർത്താവ്,

1) വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2) ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്).
3) കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.